**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 461** | **03-11-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികൾക്ക് നൽകിവരുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. പ്രേംകുമാർ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്ക് പ്രത്യേകമായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ 26,572 എഫ്.പി.എസ് ഡീലർമാർക്കും സെയിൽസ്മാൻമാർക്കും ആളൊന്നിന് 1060/- രൂപ പ്രീമിയം നിരക്കിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന ഒരു വർഷക്കാലത്തേയ്ക്ക് 7.5 ലക്ഷം രൂപയുടെ സൗജന്യ കോവിഡ് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുണ്ട്. തുക അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്. |
| (ബി) | റേഷൻ വ്യാപാരി ക്ഷേമനിധിയിലേക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഭക്ഷ്യകിറ്റ് വിതരണം ചെയ്ത വകയിൽ പ്രത്യേക ധനസഹായം നൽകിയിട്ടുണ്ടോ; റേഷൻ വ്യാപാരികൾക്കായി നൽകിവരുന്ന മറ്റ് സഹായങ്ങൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കുമോ? | (ബി) | റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ് രൂപീകരിച്ച കാലയളവിൽ സർക്കാർ വിഹിതമായി രണ്ടുകോടി അൻപത് ലക്ഷം രൂപ സ്റ്റാർട്ടിംഗ് ഫണ്ടായി അനുവദിച്ച നൽകിയിട്ടുണ്ട്. ക്ഷേമനിധിയിൽ കുടിശ്ശിക ഉണ്ടായിരുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള കമ്മി നികത്തുന്നതിനുമായി ടി സാമ്പത്തിക വർഷം റേഷൻ വ്യാപാരി ക്ഷേമനിധിയ്ക്ക് 3 കോടി രൂപ കൂടി ധനസഹായം നല്കിയിരുന്നു. 2020 ഏപ്രിൽ, മെയ് മാസങ്ങളിലായി വിതരണം നടത്തിയ സൗജന്യ ഭക്ഷ്യ കിറ്റുകൾക്ക് 5,91,36,112/- രൂപയും 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്ക് 4,68,92,680/- രൂപയും കൈകാര്യച്ചെലവ് ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കോവിഡ് വ്യാപന കാലയളവിൽ വിവിധ സർക്കാർ സ്കീമുകൾ പ്രകാരം അധിക റേഷനും അതിജീവന കിറ്റുകളും സുഗമമായി വിതരണം നടത്തിയതിന് 1000/- രൂപ നിരക്കിൽ 1,28,61,000/- രൂപ ഓണറേറിയം ഇനത്തിലും അനുവദിച്ച് നൽകിയിരുന്നു. കൂടാതെ റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നും റേഷൻ വ്യാപാരികൾക്ക് ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, മരണാനന്തര ധനസഹായം, പെൻഷൻ എന്നീ |

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങൾ നല്കുകയും റേഷൻ വ്യാപാര രംഗത്ത് നിന്ന് വിരമിക്കുന്ന അംഗങ്ങൾക്ക് അംശദായം തിരികെ നല്കുകയും ചെയ്യുന്നുണ്ട്. കോവിഡ് മൂലം മരണപ്പെട്ട റേഷൻ വ്യാപാരികളുടെ അനന്തരാവകാശികൾക്ക് റേഷൻ കട അനുവദിക്കുമ്പോൾ സോൾവൻസി ഇനത്തിൽ അടവാക്കേണ്ട തുക 1,00,000/- എന്നത് 10,000/- രൂപയായി കുറവു വരുത്തുന്നതിനും, റേഷൻ കടയ്ക്കുവേണ്ടി അപേക്ഷിക്കുന്ന അനന്തരാവകാശി S.S.L.C - പാസായിരിക്കണമെന്ന KTPDS ഓർഡറിലെ വ്യവസ്ഥയിൽ ഇളവു വരുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ